**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2931** **18-03-2022 - ൽ മറുപടിയ്ക്ക്**

**വന്യമൃഗങ്ങളുടെ ആക്രമണത്താലുള്ള നാശനഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. കെ. പി. എ. മജീദ് | | null<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ വളർത്തുമൃഗങ്ങൾ കൊല്ലപ്പെടുകയും ഗുരുതരമായി മുറിവേൽപ്പിക്കപ്പെടുകയും ചെയ്യുന്നതായ സംഭവങ്ങളിൽ കർഷകർക്കുള്ള ആശങ്ക പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; | (എ) | വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ കന്നുകാലികൾ കൊല്ലപ്പെടുകയോ, മുറിവേൽക്കപ്പെടുകയോ ചെയ്യപ്പെടുന്ന സംഭവങ്ങളിൽ കണക്കാക്കപ്പെടുന്ന നാശനഷ്ട തുകയുടെ 100% പരമാവധി 1 ലക്ഷം രൂപ എന്ന നിരക്കിൽ ഓരോ നാശനഷ്ടത്തിനും പരിഹാരമായി വനം വകുപ്പിൽനിന്നും നൽകി വരുന്നു. ഇപ്രകാരം വർഷത്തിൽ 4 പ്രാവശ്യം നഷ്ടപരിഹാരത്തിന് അർഹതയുണ്ട്. സർക്കാർ മൃഗ ഡോക്ടർ തിട്ടപ്പെടുത്തുന്ന നഷ്ടം / ചികിൽസാ ചിലവാണ് ഇപ്രകാരം നൽകുന്നത്. |
| (ബി) | വനപ്രദേശത്തോടു ചേർന്ന പ്രദേശങ്ങളിൽ മേയുന്നതിനായി വിടുന്ന കന്നുകാലികളും മറ്റ് വളർത്തു മൃഗങ്ങളും വിഷപാമ്പുകളുടെ കടിയേറ്റ് ചാകുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത കാര്യങ്ങളിൽ കർഷകരെ ബോധവൽകരിക്കുന്നതിനും വളർത്തുമൃഗങ്ങൾ നഷ്ടപ്പെടുന്നത് തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ? | (സി) | വനാതിർത്തികൾ പങ്കിടുന്ന പഞ്ചായത്തുകളിൽ നിലവിൽ 261 ജന ജാഗ്രതാ സമിതികൾ പ്രവർത്തിച്ചു വരുന്നു. വന്യജീവി സംഘർഷം കൂടുതലുള്ള മേഖലകളിൽ വളർത്തു മൃഗങ്ങളെ സുരക്ഷിതമായ തൊഴുത്ത്, കൂട് എന്നിവയിൽ പാർപ്പിക്കുന്നത് ഇപ്രകാരമുള്ള നാശനഷ്ടങ്ങൾ ഒരു പരിധി വരെ കുറയ്ക്കുന്നതാണ്. ജന ജാഗ്രതാ സമിതികളുടെയും, വന സംരക്ഷണ സമിതികൾ / ഇക്കോ ഡെവലപ്മെൻറ് കമ്മിറ്റികൾ എന്നിവയുടെയും ആഭിമുഖ്യത്തിൽ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ